നം. വിബി3/214500/2020/ഡി.ജി.ഇ.(2)

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 02/08/2021
ഇ-മെയിൽ - supdtv.dge@kerala.gov.in
ഫോൺ നം. 0471-2580573

**അപ്പെൻഡിക്സ് എച്ച് - 4**

**നോട്ടീസ്**

ശ്രീ. പ്രേംദാസ്. വി. കെ., നൂൺമീൽ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം, ചേവായൂർ, കോഴിക്കോട് (കിണറ്റിൻകര ഹൗസ്, കണ്ണഞ്ചേരി, കല്ലായി. പി. ഒ., കാലിക്കറ്റ്-3) എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ ചട്ടം 15-ൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന പ്രതിവാദ പത്രികയോ, വിശദീകരണങ്ങളോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റുമെന്റ് സഹിതമുള്ള കുറ്റപത്രം 23.03.2021-ാം തീയതിയിലെ വിബി3/214500/2020/ഡിജിഇ പ്രകാരം 30.03.2021 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മൂന്ന് മേൽവിലാസങ്ങൾ, ഇ-മെയിൽ വിലാസം എന്നിവയിലും, ഒരു പ്രതി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയും അയച്ചിരുന്നു. എന്നാൽ ആ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ താങ്കളുടെ വിലാസത്തിലുള്ള വീട് അടഞ്ഞ് കിടന്നിരുന്നതിനാൽ അവ വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്ന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നിയോഗിച്ച പ്രത്യേക ദൂതൻ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും തുടർന്ന് കുറ്റപത്രവും, കുറ്റാരോപണ പത്രികയും എ5/6684/2021 തീയതി: 26.04.2021 തീയതിയിലെ കത്ത് മുഖേന കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ, മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഏതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം ഈ പര

സ്യം മുതൽ 15 ദിവസത്തിനകം ചുവടെ ചേർക്കുന്ന ഓഫീസറിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകി കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

സി. എ. സന്തോഷ്
പെൻ-362891
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ) & വിജിലൻസ് ഓഫീസർ
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

1. ശ്രീ. പ്രേംദാസ്. വി. കെ., കിണറ്റിൻകര ഹൗസ്, കണ്ണഞ്ചേരി, കല്ലായി പി. ഒ., കാലിക്കറ്റ്-3 (premvk65@hotmail.com)
2. ശ്രീമതി. ഷീല പ്രേംദാസ്, നന്ദനം, 23/638-സി, കണ്ണഞ്ചേരി, കല്ലായി പി. ഒ., കാലിക്കറ്റ്-673003
3. **Sri. Premdas V. K., Jeleeb Al-Shouk, Block -4, Building No. 1519, Flat 12, Kuwait.**

"ഭരണഭാഷ - മാതൃഭാഷ"

നം: വി.ബി 3/214500/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23/03/2021
ഫോൺ നമ്പർ 0471-2580573
ഇ-മെയിൽ- supdtv.dge@kerala.gov.in

## കുറ്റപത്രം

ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ നൂൺമീൽ ഓഫീസർ ആയിരുന്ന ശ്രീ വി.കെ പ്രേംദാസിനെതിരായ കുറ്റപത്രം.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നം. സി5/3/2018/ഡി.ജി.ഇ തീയതി, 13/07/2018 ലെ ഉത്തരവിൻ പ്രകാരം നൂൺമീൽ ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ച് 23/07/2018 ന് തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ താങ്കൾ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/10/2018 തീയതിയിലെ നം. സി5/3/2018/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് താങ്കൾക്ക് സ്ഥലംമാറ്റം ലഭിച്ചു. എന്നാൽ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയോ കെ.എസ്.ആർ ഭാഗം-1 അപ്പൻഡിക്സ് XII A പ്രകാരമുള്ള രേഖാമൂലമുള്ള അവധി അപേക്ഷ മേലുദ്യോഗസ്ഥർക്ക് താങ്കൾ നൽകുകയോ ചെയ്യാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയി. അവധി അനുവദിച്ച് ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയ താങ്കളുടെ പ്രവൃത്തി കടുത്ത അച്ചടക്ക ലംഘനവും, ഗുരുതരമായ കൃത്യവിലോപവുമാണ്.

മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960 ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ശിക്ഷണ നടപടികൾ എടുക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ അത് ബോധിപ്പിക്കാൻ ഇതിനാൽ ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിക്കുന്നതിനായി ഈ കുറ്റപത്രം കൈപ്പറ്റുന്ന തീയതി മുതൽ 15 ദിവസത്തെ സമയം അനുവദിക്കുന്നു. പ്രതിവാദ പത്രികയുടെ മുൻകൂർ പതിപ്പ് നേരിട്ടും അസ്സൽ പകർപ്പ് നിശ്ചിത മാർഗ്ഗേനയും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. നിർദ്ദേശിച്ച കാലാവധിക്കുള്ളിൽ താങ്കളുടെ പ്രതിവാദ പത്രിക ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഈ കാര്യത്തിൽ യാതൊരു വിശദീകരണവും ബോധിപ്പിക്കാനില്ലായെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നോ എന്ന് കൂടി അറിയിക്കുവാൻ ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച് കുറ്റാരോപണ പത്രികയിൽ

പറഞ്ഞിട്ടുള്ള പ്രസക്ത റെക്കാർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കു ന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ചതും പ്രതിവാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുമ്പുള്ളതുമായ ഏതെങ്കിലും പ്രവൃത്തി ദിവസം ഈ കാര്യാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ അവ നോക്കാവുന്നതും അവയിൽ നിന്നും ഉദ്ധരണികൾ എഴുതി എടുക്കാവുന്നതാണ്.

മേൽ പറഞ്ഞ കുറ്റങ്ങൾക്കാധാരമായ ആരോപണ പത്രിക ഇതോടു കൂടി ചേർത്തിരിക്കുന്നു.

സി.എ സന്തോഷ്
പെൻ-362891
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
& വിജിലൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

1) ശ്രീ. പ്രേംദാസ്.വി.കെ
കിണറ്റിൻകര ഹൗസ്, കണ്ണഞ്ചേരി
കല്ലായി.പി.ഒ, കാലിക്കറ്റ്-3
(premvk65@hotmail.com)

2) ശ്രീമതി ഷീല പ്രേംദാസ്
നന്ദനം, 23/638-സി
കണ്ണഞ്ചേരി, കല്ലായി.പി.ഒ
കാലിക്കറ്റ്-673 003

3) Sri. Premdas V.K
Jeleeb A1 –Shouk
Block-4, Building No.1519
Flat-12, Kuwait

4) വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്- കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ക്രമ നം. 1,2,3 ൽ പറയുന്ന വിലാസത്തിൽ അയച്ചിട്ടുണ്ട്. എന്നിരുന്നാലും ക്രമം നം. 1,2 ൽ പറയുന്ന വിലാസത്തിൽ പ്രത്യേക ദൂതൻ മുഖേന കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തി ശ്രീ പ്രേംദാസ് വി.കെ യുടെ വിരമിക്കൽ തീയതി, രേഖപ്പെടുത്തി വാങ്ങി കൈപ്പറ്റ് രസീത് മടക്കത്തപാലിൽ അയച്ചു തരേണ്ടതാണ്. അതിനാവശ്യമായ പ്രതികൾ ഉള്ളടക്കം ചെയ്യുന്നു.

5) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി സൗത്ത്
ചിറക്കര.പി.ഒ, തലശ്ശേരി-670 104

6) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേവായൂർ

7) സൂപ്രണ്ട്, സി വിഭാഗം
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

പകർപ്പ്: കരുതൽ ഫയൽ/ഓഫീസ് കോപ്പി

ബി.ഒ

"ഭരണഭാഷ - മാതൃഭാഷ"

നം: വി.ബി 3/214500/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23/03/2021
ഫോൺ നമ്പർ 0471-2580573
ഇ-മെയിൽ- supdtv.dge@kerala.gov.in

## കുറ്റാരോപണ പത്രിക

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരവെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/07/2018 തീയതിയിലെ സി5/3/2018/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം നൂൺമീൽ ഓഫീസറായി സ്ഥാനക്കയറ്റം ലഭിക്കുകയും 23/07/2018 ന് തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ താങ്കൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/10/2018 തീയതിയിലെ സി5/3/2018/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും 22/10/2018 ന് താങ്കൾ തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ താങ്കൾ ജോലിയിൽ പ്രവേശിക്കുകയോ കെ.എസ്.ആർ ഭാഗം-1 അപ്പൻഡിക്സ് XII A പ്രകാരമുള്ള അവധിക്കായുള്ള അപേക്ഷ രേഖാമൂലം മേലധികാരികൾക്ക് താങ്കൾ നൽകുകയോ ചെയ്യാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിന്നു. മേൽ പറഞ്ഞ അപ്പൻഡിക്സ് പ്രകാരം താങ്കൾക്ക് അവധി അനുവദിച്ച് ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയ താങ്കളുടെ പ്രവൃത്തി കടുത്ത കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്.

ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്ത് നിന്നും മേൽ പറഞ്ഞ കൃത്യവിലോപം ഉണ്ടായതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ ആരോപണ പത്രിക.

സി.എ സന്തോഷ്
പെൻ-362891
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
& വിജിലൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ബി.ഒ